1102

നം.ഡി5/ 7000/18/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 07/06/2019

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - തിരുവനന്തപുരം ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂളിലുണ്ടായ ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ബാലാവകാശ കമ്മിഷന്റെ ഉത്തരവ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ബഹുമാനപ്പെട്ട കേരള ബാലാവകാശ കമ്മിഷന്റെ 10.01.2018, ഉത്തരവ് നം.സി.ആർ.എം.പി നം. 5641/01/എൽ എ 1/2016/ കെ.ഇ.എസ്.സി.പി.സി.ആർ

2. ബഹുമാനപ്പെട്ട കേരള ബാലാവകാശ കമ്മിഷന്റെ 09.05.2019 ലെ നോട്ടീസ് നം. സി.ആർ.എം.പി നം. 5641/01/സി1/2016/ കെ.ഇ.എസ്.സി.പി.സി .ആർ

3. 25.05.2019 ലെ ഈ കാര്യാലയത്തിലെ അനൗദ്യോഗിക കുറിപ്പ് നം. വി.ബി.4/11236/2018/ ഡിപിഐ

സൂചന(1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അന്ത:സത്ത ഉൾകൊണ്ട് കൊണ്ട് ചുവടെ ചേർക്കും പ്രകാരം ഉള്ള നിർദ്ദേശം ബന്ധപ്പെട്ടവരെ അറിയിക്കുന്നു.

മുതിർന്ന പെൺകുട്ടികളും ആൺകുട്ടികളും താമസിക്കുകയും പഠനം നടത്തുകയും ചെയ്യുന്ന തിരുവനന്തപുരം സർക്കാർ ജി.വി. രാജാസ്പോർട്സ് വിദ്യാലയത്തിന്റെ സുഗമമായ ദൈനംദിന പ്രവർത്തനത്തിന്, ആ വിദ്യാലയത്തിൽ താമസിച്ച് മുഴുവൻ സമയ സേവനം നിർവ്വഹിക്കുന്ന പ്രധാനാധ്യാപകന്റെ സേവനം അത്യന്താപേക്ഷിതമാണ് എന്ന് ബോധ്യം വന്നിട്ടുണ്ട്. ആയതിനാൽ സർക്കാർ ജി.വി.രാജാ സ്പോർട്സ് സ്കൂൾ പ്രധാനാധ്യാപക തസ്തികയിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവരും സ്ഥാനക്കയറ്റംമുഖേന നിയമിതരാകുന്നവരും പ്രസ്തുത വിദ്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുന്നതു മുതൽ സേവനം ആ സ്കൂളിൽ അവസാനിക്കുന്നതുവരെ പ്രസ്തുത വിദ്യാലയത്തിൽ തന്നെ താമസിച്ച് കൊണ്ട് മുഴുവൻസമയവും സ്കൂളിന്റെ ഭരണപരവും സർവ്വതോൻമുഖമായ പുരോഗതിക്കും വേണ്ടി സേവനം നിർവ്വഹിക്കുന്നതിന് സ്വമേധയാ സന്നദ്ധനാണ് എന്നുള്ള സത്യപ്രസ്താവനകൂടി നിയമനാധികാരിക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
ആശാ ദേവി. വി. എസ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അറിവിലേക്കായി ഈ സർക്കുലർ നൽകേണ്ടതാണ്.)
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം

Scanned by CamScanner